പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1994 — 18.06.2013-ൽ മറുപടിയ്ക്ക്

# ലോഡ് ഷെഡിംഗ് പിൻവലിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. കെ.വി. വിജയദാസ് : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാലവർഷം ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ലോഡ്ഷെഡിംഗ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് മൺസൂൺ മഴ ആരംഭിച്ചതോടുകൂടി 18.04.2013 മുതൽ ഏർപ്പെടുത്തിയിരുന്ന പകൽ സമയത്തെ ഒരു മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് 12.06.2013 മുതൽ പിൻവലിച്ചിട്ടുണ്ട്.<br><br>ഈ മാസം 16 മുതൽ രാത്രി കാലങ്ങളിലുള്ള അര മണിക്കൂർ ലോഡ്ഷെഡ്ഡിംഗും പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഈ വർഷം നിലവിലുള്ള ലോഡ്ഷെഡിംഗ് ഒഴിവാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനും വരും വർഷങ്ങളിൽ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനും സ്വീകരിച്ച പ്രധാനപ്പെട്ട നടപടികൾ താഴെകൊടുത്തിരിക്കുന്നു.<br><br>(1) 2013 ജൂൺ മുതൽ 2014 മെയ് വരെ 200 മെഗാവാട്ട് വൈദ്യുതി വ്യാപാരികളിൽ നിന്നും വാങ്ങുന്നതിനു കരാറിലേർപ്പെടുകയും അതിനു ഓപ്പൺ ആക്സസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>(2) 2013 ജൂൺ മുതൽ 2014 മെയ് വരെ 100 മെഗാവാട്ട് വൈദ്യുതിയും 2013 നവംബർ മുതൽ 2014 ഒക്ടോബർ വരെ 600 മെഗാവാട്ട് വൈദ്യുതിയും Short Term Open Access വഴി വാങ്ങുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്.<br><br>(3) 2014 മാർച്ച് മുതൽ 3 വർഷത്തേയ്ക്ക് 400 |

മെഗാവാട്ട് വൈദ്യുതി Case – 1 bidding route ലൂടെ വാങ്ങുന്നതിന് (LOI) ലെറ്റർ ഓഫ് ഇൻഡന്റ്) നൽകിയിട്ടുണ്ട്. ഇതു കൂടാതെ 2015 ജനുവരി മുതൽ 500 മെഗാവാട്ട് വൈദ്യുതി 12 വർഷത്തേക്ക് Case – 1 bid വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(4) കാറ്റിൽ നിന്നും 200 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എൻ.റ്റി.പി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(5) 50 മെഗാവാട്ട് വൈദ്യുതി, സൗരോർജ്ജ നിലയങ്ങളിൽ നിന്ന് വാങ്ങുന്നതിനുള്ള (LOI) (ലെറ്റർ ഓഫ് ഇൻഡന്റ്) നൽകിയിട്ടുണ്ട്.

(6) സംസ്ഥാനത്ത് എൽ.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്ന ഒരു വൈദ്യുതി നിലയം, (350 മുതൽ 600 മെഗാവാട്ട് വരെ) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(7) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വർദ്ധിച്ച തോതിലുള്ള പ്രാമുഖ്യം നൽകി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.